പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1092 — 01/07/2015 ൽ മറുപടിയ്ക്ക്

## സ്കൂൾ പാഠപുസ്തക അച്ചടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പുതിയ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ സ്കൂൾ പാഠപുസ്തക അച്ചടി നിർവ്വഹിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ ; | (എ) | മധ്യവേനലവധിക്കാലത്തു തന്നെ പാഠ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്ക ത്തക്കവിധം 2014 നവംബർ മാസം തന്നെ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠ സംഗ്രഹവും ജനുവരി മാസം എസ്.സി.ഇ. ആർ.ടിയിൽ നിന്ന് ലഭിച്ച ഉടൻ തന്നെ ജനുവരി 2015-ൽ ഐ.ടി സ്കൂൾ വെബ് സൈറ്റിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡൻറും ഉൾ കൊള്ളിച്ച് ഫൈനൽ പ്രിൻറ് ഓർഡർ കെ. ബി. പി. എസിന് ജനുവരി മാസം കൈമാറുകയുണ്ടായി. അച്ചടിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ടായിരുന്നു. സർക്കാർ സംഘടിപ്പിച്ച ഉന്നതതല യോഗങ്ങളിൽ അതാതു സമയത്തെ അച്ചടി, വിതരണം എന്നിവയിലെ തടസങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്തിരുന്നു.2015-16 അധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 ഫെബ്രുവരി മാസത്തിൽ തന്നെ കേരള സർക്കാരിനു കീഴിലുള്ള C-apt എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. Accountancy Part II,Themes in Kerala History എന്നീ രണ്ട് പുസ്തകങ്ങളൊഴികെ ബാക്കിയെല്ലാ പുസ്തകങ്ങളും അച്ചടി |

പൂർത്തിയാക്കി വിതരണം നടത്തിയിട്ടുണ്ട്. ജൂലൈ 15നകം അച്ചടി പൂർത്തീകരിക്കന്നതും 31 നകം വിതരണം ചെയ്യുന്നതുമാണ്.

| | | | |
|---|---|---|---|
| ബി) | നടപ്പ് അധ്യയന വർഷത്തെ സ്കൂൾ പാഠപുസ്തക അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളെ ഏല്പിച്ചത് എന്നുമുതലാണ് എന്ന വ്യക്തമാക്കുമോ ; | (ബി) | 12.05.2015 ലെ സർക്കാർ കത്ത് നം.13473/H3/15/H.Edn. പ്രകാരമാണ് പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിയ്ക്കാനായി നിർ ദ്ദേശം നൽകിയത്. |
| സി) | അച്ചടി നിർവ്വഹിക്കാനാവശ്യമായ പേപ്പറും മഷിയും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അച്ചടി വകുപ്പിന് എത്തിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെയെന്ന് അറിയിക്കുമോ ; | (സി) | പേപ്പറും മഷിയും ഉൾ പ്പെടെയുള്ള പ്രിൻറിംഗ് മെറ്റീരിയൽ സർക്കാർ പ്രസ്സുകൾക്ക് കൈമാറി നല്കാൻ കെ.ബി.പി. എസ്സിനെയും സ്റ്റേഷനറി കൺ ട്രോളറെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| ഡി) | വിദ്യാഭ്യാസ വകുപ്പും അച്ചടി വകുപ്പും നേരിട്ട് ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഡി) | തടസ്സങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ